# പ്രധാനപ്പെട്ട പദ്ധതികൾ

2025-26 വർഷത്തെ ബജറ്റിൽ സംസ്ഥാന കേന്ദ്ര പദ്ധതി വിഹിതവും, ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഹിതവും, ബ്ലോക്ക് പഞ്ചായത്ത് തനതു ഫണ്ടും ഉൾപ്പെടെ 59കോടി 76 ലക്ഷത്തി 78 ആയിരത്തി 544 രൂപ വരവും 59 കോടി 14 ലക്ഷത്തി ഇരുപതിനായിരം രൂപ ചെലവും 62 ലക്ഷത്തി ആയിരത്തി 544 രൂപ മിച്ചവും പ്രതീക്ഷികുന്നു. എല്ലാ മേഖലയ്ക്കും തുല്യ പ്രാധാന്യം നല്കി സന്തുലിത വികസന ലക്ഷ്യം ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരികുക്കയും തുക നീക്കി വയ്ക്കുകയും ചെയ്യുന്നു.

## കാർഷികമേഖല

കാർഷിക മേഖലയ്ക്ക് പ്രാധാന്യം നല്കി മികച്ച പദ്ധതികൾ നടപ്പിലാക്കുന്നു. നൂതന കൃഷി രീതികൾ അവലംബിച്ച് മികച്ച കാർഷിക സമ്പ്രദായങ്ങളിലൂടെയും സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും ഉത്പാദന വർദ്ധനവിനും, വിപണന നേട്ടം ഉണ്ടാക്കുന്നതിനും സഹായകമായ ഒട്ടേറെ പദ്ധതികൾ ഉൾപെതടുത്തിയിട്ടുണ്ട്. തരിശുരഹിത ബ്ലോക്ക് പഞ്ചായത്ത് എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതികൾ, നെൽകൃഷി വികസനപദ്ധതികൾ, ടിഷ്യുകൾച്ചർ നേന്ത്രവാഴക്കൃഷി, സമഗ്ര പച്ചക്കറി കൃഷിവികസന പദ്ധതികൾ, മറ്റുകാർഷിക അനുബന്ധ പ്രവൃത്തികൾ എന്നിവ നടപ്പിലാക്കുന്നു. ആയതിനായി 39 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## മൃഗസംരക്ഷണമേഖല

മൃഗസംരക്ഷണ മേഖലയിൽ കാസറഗോഡിന് മാത്രം സ്വന്തമായുള്ള കുള്ളൻ പശുക്കളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടുതൽ കർഷകരിലേക്ക് പശുക്കളെ എത്തികുന്നതിന് ഈ പദ്ധതിയിലൂടെ സാധിക്കും. പ്രവാസ ലോകത്ത് നിന്ന് തിരിച്ചെത്തുന്നവർക്കായി ബ്രോയിലർ കോഴിയൂണിറ്റ് തുടങ്ങാൻ ധനസഹായം നൽകുന്നു. അതിലൂടെ തൊഴിൽ ലഭ്യത കൂടി ഉറപ്പ് വരുത്തുന്നു. മൃഗ സംരക്ഷണ മേഖലയിൽ ശ്രദ്ധ ചെലുത്തുന്നതിന് ആരംഭിച്ച മൊബൈൽ വെറ്റിനറിക്ലിനിക്ക് നാലാം വർഷവും വിജയകരമായി മുന്നോട്ടു പോവുന്നത് സംസ്ഥാനത്ത് തന്നെ മാതൃകയാണ്. ഈ സേവനത്തിലൂടെ ക്ഷീര വിപ്ലവം തന്നെ സാധ്യമാക്കാൻ നമ്മുക്ക് സാധിച്ചിട്ടുണ്ട്. അതുപോലെ കാലിത്തീറ്റ സബ്സിഡി നല്കി കർഷകരെ സഹായിക്കുന്നു. ഈ മേഖലയിലെ പദ്ധതികൾക്കായി 37 ലക്ഷം വകയിരുതിയിട്ടുണ്ട്.

## പാർപ്പിടപദ്ധതികൾ

സംസ്ഥാനസർക്കാർ വിഭാവനം ചെയുന്ന സമ്പൂർണ പാർപ്പിട പദ്ധതി ലൈഫ്മിഷൻ, പ്രധാനമന്ത്രി ആവാസയോജന, എന്നിവയിലൂടെയും, മറ്റു ധനകാര്യസ്ഥാപനങ്ങളിലൂടെ ലഭ്യമാക്കുന്ന വായ്പകളും ഉപയോഗപ്പെടുത്തി വിപുലമായ പദ്ധതികൾ ഈ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനായി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## ആരോഗ്യ മേഖല

ആദുര സേവന രംഗത്ത് പല മേഖലകളിലായി കാലകാലങ്ങളിൽ നടത്തിട്ടുള്ള ഇടപെടലുകൾ ഫലപ്രാപ്തിയിൽ എത്തി നില്ക്കുന്ന കാലഘട്ടത്തിലൂടെ നമ്മൾ കടന്നുപോകുന്നത്. ലോകത്തിലെ ഏത് വികസിത രാജ്യങ്ങളോടും കിടപിടിക്കുന്ന തരത്തിലുള്ള ആധുനിക ചികിത്സാ സാങ്കേതിക വിദ്യകൾ ഈ രംഗത്ത് ഉപയോഗിക്കാൻ നമ്മുടെ നാടിനും കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗായി തന്നെ ഗ്രാമീണ മേഖലയിലെ ആരോഗ്യ കാര്യങ്ങളെ പരിപോഷിപിക്കുന്നത് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും കാര്യമായ പങ്കുവഹിക്കുന്നതിനു പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് അനിവാര്യമാണ്. ആരോഗ്യ മേഖലയിൽ ജനകീയമായ ഒട്ടേറെ പദ്ധതികൾക്ക് തുക വകയിരുത്തുണ്ട്. ആദുര സേവന രംഗത്ത് ഒരു നാടിന്റെ തന്നെ ആശ്രയമാകാൻ തരത്തിൽ പെരിയ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ ഉയർത്തികൊണ്ട് വരുവാനുള്ള യജ്ഞത്തിന്റെ ഭാഗമായി ആരംഭിച്ച ഡയാലിസിസ് കേന്ദ്രത്തിൽ ഇപ്പോൾ മൂന്നാമത്തെ ഷെഡ്യൂളും

ആരംഭിച്ചുകഴിഞ്ഞു. നിർദ്ധരരായ നിരവധി വൃക്ക രോഗികൾക്കും കുടുംബങ്ങൾക്കും വലിയ ആശ്രയമായി ഈ കേന്ദ്രം മാറിയിട്ടുണ്ട്. കൂടാതെ സി.എച്ച്.സി. യിൽ പുതുതായി ഈവെനിംഗ് ഒ.പി. ആരംഭിച്ചതിലൂടെ അധികസേവനം രോഗികൾക്ക് നൽകാൻ ബ്ലോക്ക് പഞ്ചായത്തിന് സാധിക്കുന്നു. ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിന്റെ ഭാഗമായി ഓപ്പൺ ജിമ്മുകളും, വനിതാ വ്യായാമ കേന്ദ്രങ്ങളും ഇതിനകം തന്നെ ബ്ലോക്ക് പഞ്ചായത്ത് സ്ഥാപിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷവും വിവിധ സ്ഥലങ്ങളിൽ വ്യായാമ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ആവശ്യമായ തുക ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ മേഖലയുടെ വികസനത്തിനായ് ബജറ്റിൽ ഒരു കോടി രണ്ട് ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## സ്ത്രീ സൗഹൃദ ഗ്രാമം

സ്ത്രീകളുടെ ഉന്നമനത്തെ മുൻനിർത്തിയുള്ള പ്രവത്തനങ്ങൾക്ക് ബജറ്റിൽ മുൻഗൻണന നൽകുന്നു. തൊഴിൽ മേഖലയുടെ വിപുലീകരണത്തിനും സാമ്പത്തിക ഭദ്രതഉറപ്പുവരുത്തുന്നതിനും ആ വശ്യമായ വകയിരുത്തലുകൾ നടത്തിയിട്ടുണ്ട്. സ്ത്രീകൾക്ക് എതിരായ അതിക്രമം തടയുന്നതിന് ശക്തമായ ഇടപെടൽ നടത്തേണ്ടതുണ്ട്. അതിനായി ജാഗ്രതസമിതി, ജൻഡർ റിസോർസ്സെന്റർ വഴിയുള്ള പ്രവത്തനങ്ങൾ തുടങ്ങിയവ ശക്തിപെടുത്തും. വനിതകൾക്കായുള്ള നൈപുണ്യപരിശീലനം, സ്വയംതൊഴിൽ ധനസഹായപദ്ധതികൾ എന്നിവ കൂടി ഏറ്റെടുത്തുനടത്തുന്ന പദ്ധതികൾ ആണ്. ബ്ലോക്ക് പഞ്ചായത്തലെ മുഴുവൻ സ്കൂളുകളിലെയും പെൺകുട്ടികൾക്കായി നടപ്പിലാക്കിയ ഷീപാഡ്പദ്ധതി ശ്രദ്ധയാകർഷിച്ചിരുന്നു. പദ്ധതിയുടെ തുടച്ചയായി ഈ വർഷവും പദ്ധതിക്കായി 1 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. വനിതാ വികസനത്തി നായി 35 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## വയോജനങ്ങൾ/കുട്ടികൾ/ഭിന്നശേഷിക്കാർ പദ്ധതികൾ

വയോജന ക്ഷേമത്തിനായി, അവരുടെ സംരക്ഷണത്തിനായി വിപുലമായ പദ്ധതികൾ നമ്മൾ കഴിഞ്ഞ കാലങ്ങളിൽ തന്നെ ഏറ്റെടുത്തു നടപ്പിലാക്കി വരുന്നുണ്ട്. അവർക്ക് ഒന്നിച്ച് ഇരിക്കാനും, നേരമ്പോക്കിനും ഒക്കെ ആയി ആധുനിക സൗകര്യത്തോടെ പകൽ വീടുകൾ സജ്ജമാണ്. നിരാലംബരായ വയോജങ്ങളെ സംരക്ഷിക്കാൻ പദ്ധതികൾ, വീടുകളിൽ നേരിട്ടെത്തി സാന്ത്വനം പകരാൻ വാതിൽപ്പടി സേവന പദ്ധതി, വയോജങ്ങൾക്കായി അമൃതകിരണം പാലിയേറ്റിവ് പദ്ധതി, മറ്റുപാലിയേറ്റിവ് പ്രവത്തനങ്ങൾ, വയോജന സംഗമം തുടങ്ങിയപദ്ധതികൾ നടപ്പിലാക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. അംഗനവാടികുട്ടികൾക്കുള്ള പോഷകാഹാരപദ്ധതി, ഭിന്നശേഷി സൗഹൃത ഗ്രാമം പദ്ധതി, ഭിന്നശേഷികുട്ടികൾക്കുള്ള സ്കോളർഷിപ്പ്, അവർക്കായുള്ള ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കൽ, നമ്മുടെ കുട്ടികളുടെ വിനോദത്തിനായി എല്ലാ സ്കൂളുകളിലും ചിൽഡ്രൻസ് പാർക്കുകൾ, കായിക വിനോദ ഉപകരണങ്ങൾ, കായിക പരിശീലനം നൽകൽ, തുടങ്ങിയ ഒട്ടേറെ പദ്ധതികൾ ഈ ബജറ്റിൽ വിഭാവനം ചെയ്യുന്നുണ്ട്. 80 ലക്ഷം രൂപ ഇതിനായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## വിദ്യാഭ്യാസമേഖല

വിദ്യാഭ്യാസ മേഖലയെ ഹൈടെക്ക് ആക്കി മാറ്റുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്ക്കരികുന്നു. പ്രൈമറി സ്കൂളുകൾ എല്ലാം തന്നെ സ്മാർട്ട് ക്ലാസ്സ് മുറികളിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി പഞ്ചായത്തുകളുമായി കൈകോർത്ത് പദ്ധതി നടപ്പിലാക്കും. വിദ്യാർത്ഥിനികൾക്ക് അക്കാദമിക് പരിശീലനം, കുട്ടികൾക്ക് സ്കോളർഷിപ്പ്, പഠന മുറികൾ, കുടിവെള്ള സൗകര്യങ്ങൾ തുടങ്ങിയവയ്ക്കും ബജറ്റിൽ പ്രാധാന്യം നൽകിയിട്ടുണ്ട്. സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ച് കുടിവെള്ളം ഉറപ്പുവരുത്തുന്നു. സ്കൂളുകളിലെ ശുചിത്വ പ്രവർത്തനങ്ങൾക്ക് മാത്രമായി തന്നെ പല പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്. എല്ലാ സ്കൂളുകളിലും ശുചിത്വ കോംപ്ലക്സ് നിർമ്മാണം, വിദ്യാർത്ഥിനികൾക്ക് നാപ്കിൻ വിതരണം തുടങ്ങിയ പദ്ധതികൾ ഈ ബജറ്റിൽ ഉൾപെടുത്തി പൂർത്തിയാക്കും . വിദ്യാഭ്യാസ മേഖലയിൽ 60 ലക്ഷം രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

## പ്രകൃതി, ജലസംരക്ഷണം, കുടിവെള്ളം

ജൈവ വൈവിദ്യങ്ങളുടെ കലവറയാണ് നമ്മുടെ ഗ്രാമങ്ങൾ. തോടുകളും പുഴകളും കാവുകളും. സംരക്ഷികേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. അതിനായി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ജൈവ പരിപാലന സമിതി രൂപികരിച്ച് ജനകീയ പങ്കാളിത്തത്തോടെ ജൈവ രജിസ്റ്റർ തയ്യാറാക്കി ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഡിജിറ്റൽ ഡോക്യുമെന്റെഷൻ നടത്തുകയും "ഒറ്റമരം കാവല്ല" എന്ന പേരിൽ ഡോകുമെന്ററി തയ്യാറാക്കി പ്രദർശനം നടത്തിവരുകയും ചെയ്യുന്നു. രാജ്യത്ത് തന്നെ ആദ്യമായാണ് ഒരു ബ്ലോക്ക് പഞ്ചായത്തിൽ ഇത്തരം പദ്ധതി നടപ്പിലാക്കിയത് എന്നത് നമ്മുക്ക് അഭിമാനിക്കാവുന്ന കാര്യമാണ്.

മാറ്റുന്ന കാലാവസ്ഥ വ്യതിയാനങ്ങൾ അതീജീവിക്കാൻ പ്രക്രതി സംരക്ഷണം ഉറപ്പുവരുതുന്നതിലൂടെ നമ്മുടെ ജലസമ്പത്ത് വർദ്ധിപ്പിക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്. ജലാശയങ്ങൾ, കുളങ്ങൾ, പൊതുകിണറുകൾ നവീകരിക്കൽ എന്നിവ ഏറ്റെടുത്തു നടപ്പിലാക്കും. പൊതു ഇടങ്ങളിൽ വാട്ടർ കിയോസ്ക് സ്ഥപികുന്നതിനും, വിവിധ കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്തും കുടിവെള്ളക്ഷാമത്തെ നേരിടാൻ നമ്മൾക്ക് കഴിയും. അതിനായി 55 ലക്ഷം രൂപ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്.

## സുസ്ഥിര ശുചിത്വ പദ്ധതി

സമ്പൂർണ്ണ ശുചിത്വ ബ്ലോക്ക് പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുന്നതി നായി പദ്ധതികൾ ആസൂത്രണംചെയ്തു നടപ്പിലാക്കിവരുന്നുണ്ട്. അതിനു തുടർച്ചയെന്നോണം ഈബജറ്റിലും വളരെ പ്രാധാന്യത്തോടെ തന്നെ ശുചിത്വമേഖലയിൽ ഫണ്ട് അനുവദിക്കുകയും നൂതന പദ്ധതികൾ ആവിഷ്കരിച്ച് ശുചിത്വ ഗ്രാമം സുന്ദരഗ്രാമം എന്ന ലക്ഷ്യത്തിലേക്കു എത്തിച്ചേരാൻ നമ്മുക്ക് സാധിക്കും. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പഞ്ചായത്തുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് കൊണ്ട് വാണിജ്യാടിസ്ഥാനത്തിൽ പി.വി.സി. പൈപ്പ് നിർമ്മാണം നടത്താൻ പദ്ധതി ആസുത്രണം ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള RRF ൽ വിപുലമായ സംവിധാനം ഒരുക്കി കൊണ്ടാണ് ഈ നൂതന പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതി നടപ്പിലാകുന്നതോടെ തൊഴിൽ വർധനവും തനതുവരുമാന വർദ്ധനവും ലഭ്യമാകുന്നു. മറ്റു പ്രാദേശിക സർക്കാരുകൾക്ക് മാതൃക ആകാൻ നമ്മൾ തയ്യാറെടുത്തുകഴിഞ്ഞു . സ്കൂളുകൾക്ക് ശുചിത്വ സമുച്ചയങ്ങളും, പഞ്ചായത്ത് പരിധിയിൽ കൂടുതലായി ടേക്ക്. എ. ബ്രേക്ക് സ്ഥപികുന്നതിനും പദ്ധതികൾ ഉൾപ്പെടുത്തി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## പശ്ചാത്തല മേഖല

ഗ്രാമീണ മേഖലയിൽ വികസനത്തിന്റെ വിപ്ലവം തന്നെ ഈ നാലുവർഷക്കാലം നടപ്പിലാക്കിയിട്ടുണ്ട്. അതിന്റെ പിന്തുടർച്ച എന്നോണം ഈ വർഷവും ഗ്രാമതലങ്ങൾ അടിസ്ഥാന സൗകര്യ വികസനത്തിനായി നൂതന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കും. പശ്ചാത്തല മേഖലയ്ക്ക് അതീവ പ്രാധാന്യം നൽകി പദ്ധതികൾ ആവിഷ്കരിക്കുന്നു. ഗ്രാമീണ റോഡുകളുടെ വികസനം അതിൽ പ്രാധാന്യം അർഹിക്കുന്നു. അതുപോലെ പൊതു കെട്ടിടങ്ങൾ നിർമ്മണം, ശുചിത്വ മേഖലയിൽ കെട്ടിടങ്ങൾ, പാർക്കുകളുടെ നിർമ്മാണം എന്നിവ കൂടി ഉൾപ്പെടുത്തി വിപുലമായ പദ്ധതികൾ തന്നെ ആവിഷ്കരിക്കുന്നു. അതിനായി 2 കോടി രൂപ വിവിധ മേഖലകളിലെ പശ്ചാത്തല സൗകര്യ വികസനത്തിന് ഈ ബജറ്റിൽ നീക്കി വച്ചിട്ടുണ്ട്.

## ദേശിയ തൊഴിലുറപ്പ് പദ്ധതി.

മഹാത്മാഗാന്ധി ദേശിയ തൊഴിലുറപ്പ് പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പഞ്ചായത്തുകളുടെ ലേബർബജറ്റ് അഗീകരിച്ചു കഴിഞ്ഞു. 48 കോടി രൂപയുടെ പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിന് ഈ ബജറ്റ് വിഭാവനം ചെയുന്നു.

| ബജറ്റ് അലോക്കേഷൻ പദ്ധതികൾക്ക് | | |
|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 4,13,44,000.00 |
| 2 | വികസന ഫണ്ട് (പട്ടികജാതി | 41,27,000.00 |
| 3 | വികസന ഫണ്ട് (പട്ടികവർഗ്ഗം | 40,76,000.00 |
| 4 | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 74,32,000.00 |
| 5 | ധനകാര്യ കമ്മീഷൻ (ബേസിക് ഗ്രാന്റ്) | 58,77,000.00 |
| 6 | ധനകാര്യ കമ്മീഷൻ (ടൈഡ് ഗ്രാന്റ്) | 88,18,000.00 |
| 7 | മറ്റ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ (ജില്ലാ പഞ്ചായത്ത്, ഗ്രാമ പഞ്ചായത്തുകൾ ) | 40,00,000.00 |
| 8 | മറ്റ സർക്കാർ സ്ഥാപനങ്ങൾ / ധനകാര്യ സ്ഥപനങ്ങൾ നിന്നും വായ്പ / ധനസഹായം | 3,34,02,000.00 |
| 9 | ഹെൽത്ത് ഗ്രാന്റ് നാഷണൽ ഹെൽത്ത് മിഷൻ | 25,00,000.00 |
| 10 | പ്രത്യേക ഉദ്ദേശ്യ പദ്ധതി ഗ്രാന്റ് സംസ്ഥാനം | 1,50,000.00 |
| 11 | കേന്ദ്രാവിഷ് കൃത പദ്ധതികൾക്കുള്ള ഫണ്ട് (എം.ജി.എൻ ആർ.ഇ.ജി.എസ് ) | 47,44,97,000.00 |
| | ആകെ | 58,62,23,000.00 |

## പ്രധാന പദ്ധതികൾ

| ഉൽപാദന മേഖല | | |
|---|---|---|
| 1 | നെൽകൃഷിക്ക് കൂലിച്ചെലവ് | 22,00,000.00 |
| 2 | ടിഷ്യൂ കൾച്ചർ നേന്ത്രവാഴ കന്ന് വിതരണം ( ജനറൽ ) (ഗ്രൂപ്പ് | 5,00,000.00 |
| 3 | സമഗ്ര പച്ചക്കറിക്ക് വിത്തുംവനിതാ ) കൂലിച്ചെലവും , (ഗ്രൂപ്പ് | 5,00,000.00 |
| 4 | തരിശു രഹിത ബ്ലോക്ക് –സംയുക്ത പദ്ധതി | 2,00,000.00 |
| 5 | പാടശേഖരങ്ങൾക്ക് കുഴൽക്കിണറും മോട്ടോറും പമ്പ് ഹൌസും | 5,00,000.00 |
| 6 | പ്രവാസി ഗ്രൂപ്പിന് മുൻഗണന നൽകി പൊതു ഗ്രൂപ്പുകൾക്ക് ബ്രോയിലർ കോഴി യൂണിറ്റ് | 6,00,000.00 |
| 7 | പാലിന് സബ്സിഡി | 13,00,000.00 |

| | | |
|---|---|---|
| 8 | കാലിത്തീറ്റ സബ്സിഡി | 10,00,000.00 |
| 9 | കുളമ്പുരോഗം... | |

| | | |
|---|---|---|
| 8 | കാലിത്തീറ്റ സബ്സിഡി | 10,00,000.00 |
| 9 | കുള്ളൻപശു സംരക്ഷണ പദ്ധതി (ഗ്രൂപ്പ്) | 4,00,000.00 |
| 10 | മൊബൈൽ വെറ്റിനറി ക്ലിനിക് | 10,00,000.00 |
| 11 | മഴവെള്ള റീചാർജ് സംവിധാനം | 10,00,000.00 |

| സേവന മേഖല | | |
|---|---|---|
| 1 | അംഗനവാടി പോഷകാഹാരം | 20.00,000.00 |
| 2 | ഭിന്നശേഷി സ്കോളർഷിപ്പ് | 25,00,000.00 |
| 3 | വജ്രജൂബിലി ഫെലോഷിപ്പ് | 2,50,000.00 |
| 4 | അതുല്യം തുടർ സാക്ഷരത | 2,00,000.00 |
| 5 | ഐ കെ എം സേവന ഫണ്ട് | 60,000.00 |
| 6 | പദ്ധതി മോണിറ്ററിംഗ് | 3,00,000.00 |
| 7 | കേരളോത്സവം | 1,50,000.00 |
| 8 | അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി | 2,00,000.00 |
| 9 | അസിഎക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിന്റെ വാഹന . വാടക | 3,00,000.00 |
| 10 | സി എച്ച് സി പെരിയ ഈവെനിംഗ് ഒ പി വേതനം | 10,00,000.00 |
| 11 | അംഗീകൃത ലൈബ്രറികൾക്ക് ഫർണ്ണിച്ചർ | 5,00,0000.00 |
| 12 | ജന്റർ റിസോഴ്സ് സെന്റർ മുഖാന്തിരം ഹൈസ്കൂളുകളിൽ ജാഗ്രതാ സമിതി രൂപീകരണവും പരിശീലനവും പരാതിപ്പെട്ടി സ്ഥാപിക്കലും | 1,50,000.00 |
| 13 | പ്രോജക്ട് അസിസ്റ്റന്റ് ശമ്പളം | 2,50,000.00 |
| 14 | ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളുടെ സോഷ്യൽ ഓഡിറ്റും ഡോക്യുമെന്റേഷനും | 50,000.00 |
| 15 | ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ടിൽ ചെടികൾ നട്ടുപിടിപ്പിക്കലും ഡിപ്പ് ഇറിഗേഷൻ ചെയ്യലും | 50,000.00 |
| 16 | പെരിയ സി എച്ച് സി ക്ക് വാഹനം വാങ്ങൽ | 7,00,000.00 |
| 17 | കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് നെറ്റ് സീറോ കാർബൺ പദ്ധതി | 1,00,000.00 |
| 18 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 6,00,000.00 |
| 19 | ബങ്കളം പ്രീമെട്രിക് ഹോസ്റ്റലിലേക്ക് സാധനങ്ങൾ വാങ്ങൽ | 2,00,000.00 |
| 20 | യുവജന സംഘങ്ങൾക്ക് വാദ്യോപകരണം നൽകൽ | 7,50,000.00 |
| 21 | SC /ST കമ്മ്യൂണിറ്റി ലൈബ്രറികൾക്ക് പുസ്തകം | 7,00,000.00 |
| 22 | ബങ്കളം പ്രീമെട്രിക് ഹോസ്റ്റലിൽ കുട്ടികൾക്ക് കായിക പരിശീലനവും ഉപകരണവും | 1,00,000.00 |
| 23 | പി വൈ ഭവന പദ്ധതി.എ.എം. SC/ST/GEN | 1,20,96,000.00 |
| 24 | ലൈഫ് ഭവന പദ്ധതി (ബ്ലോക്ക് വിഹിതം)SC/ST/GEN | 21,16,,000.00 |
| 25 | പെരിയ സി എച്ച് സി ക്ക് ഡയാലിസിസ് യൂണിറ്റ് | 18,00,000.00 |
| 26 | പെരിയ സി എച്ച് സി ക്ക് X- RAY യൂണിറ്റ് | 15,00,000.00 |

| പശ്ചാത്തല മേഖല | | |
|---|---|---|
| 1 | പള്ളിപ്പുഴ പൂക്കോട്ട് പള്ളത്തിങ്കാൽ വയൽ നടപ്പാത- നിർമാണം ബ്ലോക്ക് വിഹിതം | 5,00,000.00 |
| 2 | അജാനൂർ മടിയൻ ,വെള്ളിക്കോത്ത് അടോട്ട് , എന്നിവിടങ്ങളിൽ തുറന്ന വ്യായാമ കേന്ദ്രം | 9,00,000.00 |
| 3 | അജാനൂർ പുത്താലിക്കളം കളം നവീകരണം- | 7,00,000.00 |
| 4 | മടിക്കൈ പള്ളിക്കര ഡിവിഷൻ കളിലെ റോഡ് ടാറിംഗ് | 21,00,000.00 |
| 5 | ഉദുമ മുതിയക്കാൽ ജി എൽ പി എസ്സിന് ഓപ്പൺ സ്റ്റേജ് | 8,00,000.00 |
| 6 | ഉദുമ മാങ്ങാട് മത്സ്യ മാർക്കറ്റിന് ബ്ലോക്ക് വിഹിതം | 7,00,000.00 |
| 7 | ഉദുമ കണ്ണികുളങ്ങര വയൽ തോടിനു നടപാത | 8,00,000.00 |
| 8 | പുല്ലൂർപെരിയ പടാംകോട്ട് വട്ടക്കണ്ടം റോഡ് ടാറിംഗ്- | 8,00,000.00 |
| 9 | പുല്ലൂർപെരിയ തൊടോട്ട് പള്ളത്തിങ്കാൽ റോഡ് - ടാറിംഗ് | 8,00,000.00 |
| 10 | പള്ളിക്കര എക്കാൽ തുവൾ കളിയന്മരം റോഡ് ടാറിംഗ് | 8,00,000.00 |
| 11 | ചെർക്കപ്പാറ ഗ്രൗണ്ട് നവീകരണം –ബ്ലോക്ക് വിഹിതം | 5,00,000.00 |
| 12 | അജാനൂർ രാമഗിരി പൊതുവ്യായാമ കേന്ദ്രം- | 8,00,000.00 |
| 13 | ബ്ലോക്ക് പഞ്ചായത്തിന് കുഴൽക്കിണർ | 1,09,000.00 |
| 14 | ഉദുമ നാലാം വാതുക്കൽ പൊതു ശൌചാലയം | 7,00,000.00 |
| 15 | തച്ചങ്ങാട് ഗവ ഹൈസ്കൂളിന് ശുചിത്വ കോംപ്ലക്സ് . | 7,00,000.00 |
| 16 | പാക്കം ജി എസ് എസ് എച്ച് എസിന് ശുചിത്വ സമുച്ചയം | 7,00,000.00 |
| 17 | കക്കാട്ട് ജി എസ് എസ് എച്ച് ന് ശുചിത്വ സമുച്ചയം | 7,00,000.00 |
| 18 | അജാനൂർ രാവണേശ്വരം ജി എസ് എസ് എച്ച് ന് വാഷ് ബേസിൻ | 1,50,000.00 |
| 19 | മറ്റു ശുചിത്വ പദ്ധതികൾ | 4,59,000.00 |
| 20 | പൊതു കളം നവീകരണം | 8,00,000.00 |
| 21 | കീക്കാനം ജി എൽ പി എസ്. ന് അസംബ്ലി ഹാൾ നിർമാണം ബ്ലോക്ക് വിഹിതം | 4,77,000.00 |
| 22 | ആരോഗ്യ പരിപാലനംതുറന്ന വ്യായാമ കേന്ദ്രങ്ങൾ - | 12,00,000.00 |
| 23 | പെരിയ കമ്മ്യൂണിറ്റി ഹാളിനു മുകളിൽ ഷീറ്റിട്ട് കോൺഫറൻസ് ഹാൾ തയ്യാറാക്കൽ | 10,00,000.00 |

| ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികൾ | | |
|---|---|---|
| 1 | ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികൾ | 47,44,97,000.00 |

നവകേരള സൃഷ്ടിക്ക് വേണ്ടിയുള്ള കാഴ്ചപ്പാടോടെ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പദ്ധതികൾക്ക് പ്രായോഗിക രൂപം നൽകാൻ സാധിക്കുന്നവിധത്തിൽ ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിച്ച് ജലസുരക്ഷാ ഉറപ്പ്വരുത്തി തൊഴിൽസാദ്ധ്യതകൾ പരമാവധി വർധിപ്പിച്ച് വികസനോന്മുഖവും ജനോപകാര പ്രദവുമായി ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും സമഗ്രമായ വികസന പ്രവർത്തകങ്ങൾക്ക് പുതിയ മാനം നൽകുന്നതിനും എല്ലാ മേഖലകൾക്കും തുല്യ പ്രാധാന്യം നല്കി ആവശ്യമായ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി പ്രാവർത്തി കമാക്കുന്നതിന് നമ്മൾ പ്രതിജ്ഞാബദ്ധമാണെന്നും എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് ബഹുദൂരം നമ്മൾ മുന്നോട്ടുപോകും എന്ന പ്രത്യാശയോടെ 2025-26 വർഷത്തെ ജനകീയ ബജറ്റ് സമക്ഷം സമർപ്പിക്കുന്നു.

നഷ്ടഹരിതങ്ങൾ വീണ്ടും തെഴുകുന്ന
മർത്യതൻ കൊടിയേറ്റ് കൊണ്ടാടുന്ന
നിസ്വ ദുഃഖങ്ങൾ പഴങ്കഥയാകുന്ന
നിർഭയം സ്വച്ഛന്ദമാനസർവാഴുന്ന
ലോകാനുരാഗമമേകമതത്തിന്റെ
ബോധി തളിർത്തു തണൽവീശിനിൽക്കുന്ന
മറ്റൊരുലോകം പിറക്കുംവരെ തുടി -
കൊട്ടിയെൻ പാട്ട്തുടരാൻ കൊതിപ്പൂഞാൻ

എന്ന്,

**കെ.വി. ശ്രീലത**

വൈസ് പ്രസിഡണ്ട്,

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്